©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2024

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

# പതിനഞ്ചാം കേരള നിയമസഭ
# (FIFTEENTH KERALA LEGISLATIVE ASSEMBLY)

## സബ്ജക്ട് കമ്മിറ്റി XI
## (SUBJECT COMMITTEE XI)

## ഭക്ഷ്യവും സിവിൽ സപ്ലൈസും സഹകരണവും
## (FOOD, CIVIL SUPPLIES AND CO-OPERATION)

## ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച
## നാലാമത് റിപ്പോർട്ട്
## (2024 -2025)

## FOURTH REPORT ON THE SCRUTINY OF DEMANDS FOR GRANTS
## (2024 -2025)

**2024 ജൂൺ 10-ാം തീയതി സമർപ്പിച്ചത്**
**(Presented on 10th June, 2024)**


കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2024

SECRETARIAT OF THE KERALA LEGISLATURE
THIRUVANANTHAPURAM
2024

പതിനഞ്ചാം കേരള നിയമസഭ
(FIFTEENTH KERALA LEGISLATIVE ASSEMBLY)

**സബ്ജക്ട് കമ്മിറ്റി XI**
**(SUBJECT COMMITTEE XI)**

# ഭക്ഷ്യവും സിവിൽ സപ്ലൈസും സഹകരണവും
# (FOOD, CIVIL SUPPLIES AND CO-OPERATION)

ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച
നാലാമത് റിപ്പോർട്ട്
(2024 -2025)

FOURTH REPORT ON THE SCRUTINY OF
DEMANDS FOR GRANTS
(2024-2025)

406/2024.

## ഉള്ളടക്കം

| | | പേജ് |
| --- | --- | --- |
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |

# സബ്ജക്ട് കമ്മിറ്റി XI
# (ഭക്ഷ്യവും സിവിൽ സപ്ലൈസും സഹകരണവും)
# (2023 -2026)

**ഘടന**

ചെയർമാൻ :

ശ്രീ. വി. എൻ. വാസവൻ,

തുറമുഖ-സഹകരണ വകുപ്പുമന്ത്രി.

എക്സ് - ഒഫീഷ്യോ അംഗം:

ശ്രീ. ജി. ആർ. അനിൽ,

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി.

അംഗങ്ങൾ :

ശ്രീ. പി.അബ്ദുൽ ഹമീദ്

ശ്രീ. ആന്റണി ജോൺ

ശ്രീ. പി. വി. അൻവർ

ഡോ. മാത്യു കുഴൽനാടൻ

ശ്രീ. സജീവ് ജോസഫ്

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ

ശ്രീ. ജി. സ്റ്റീഫൻ

ശ്രീ. ഇ.ടി. ടൈസൺ മാസ്റ്റർ.

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീ. ഷാജി സി.ബേബി, സെക്രട്ടറി-ഇൻ-ചാർജ്

ശ്രീ. എ.ജാഫർഖാൻ, ജോയിന്റ് സെക്രട്ടറി

ശ്രീ. വിജയ് അമൃതരാജ് എ., ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. എം.എസ്.അൻവർ സുൽത്താൻ, അണ്ടർ സെക്രട്ടറി.

# അവതാരിക

2024-25 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ, ഭക്ഷ്യവും സിവിൽ സപ്ലൈസും സഹകരണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XI-ന്റെ പരിധിയിൽ വരുന്ന ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട് സമിതിയുടെ ചെയർമാനായ ഞാൻ സമർപ്പിക്കുന്നു.

2024 ഫെബ്രുവരി 21, 27 തീയതികളിൽ സമിതി യോഗം ചേർന്ന് കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലും മാർഗ്ഗ നിർദ്ദേശരേഖകളിലും വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരം താഴെപ്പറയുന്ന ധനാഭ്യർത്ഥനകളിൽ ഉൾക്കൊള്ളുന്ന വിവിധ ചെലവിനങ്ങൾ പരിശോധിച്ചു.

ധനാഭ്യർത്ഥന നമ്പർ XXVII - സഹകരണം

ധനാഭ്യർത്ഥന നമ്പർ XXVIII - പലവക സാമ്പത്തിക സർവ്വീസുകൾ

ധനാഭ്യർത്ഥന നമ്പർ XXX - ഭക്ഷ്യം

ധനാഭ്യർത്ഥനകളിന്മേൽ ലഭിച്ച ബജറ്റ് വിഹിതം അപര്യാപ്തമായ ശീർഷകങ്ങളിന്മേൽ അധികതുക ആവശ്യപ്പെട്ടുകൊണ്ട് ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും ലഭിച്ച കുറിപ്പുകൾ സമിതി പരിശോധിക്കുകയും സന്നിഹിതരായിരുന്ന ഉദ്യോഗസ്ഥരിൽ നിന്ന് ആവശ്യമായ വിശദീകരണം ആരായുകയും ചെയ്തു.

ഭരണഘടനാപരവും സാമ്പത്തികവുമായ പരിമിതികൾക്ക് വിധേയമായി സമിതി നൽകിയ നിർദ്ദേശങ്ങളും ശിപാർശകളുമാണ് ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

2024 മാർച്ച് 6-ാം തീയതി ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

തിരുവനന്തപുരം, 
2024 ജൂൺ 10.

വി.എൻ.വാസവൻ,
*ചെയർമാൻ,*
*സബ്ജക്ട് കമ്മിറ്റി XI.*

# റിപ്പോർട്ട്

## ധനാഭ്യർത്ഥന നമ്പർ XXVII—സഹകരണം

വോട്ട് ചെയ്തത് : 550.6897 കോടി രൂപ

ചാർജ്ജ് ചെയ്തത് : ഇല്ല

2425-00-001-91-99—സഹകരണ വകുപ്പിന്റെ നവീകരണം

2425-00-001-91-97

4425-00-001-96

ബജറ്റ് വിഹിതം - 5.5 കോടി രൂപ (പ്ലാൻ)

1) സഹകരണ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന എല്ലാ ആഫീസുകളിലും ഇ-ഓഫീസ് സംവിധാനം, ഹാജർ നിരീക്ഷണ സംവിധാനം, അടിസ്ഥാന സൗകര്യ വികസനം, ഓൺലൈൻ ട്രാൻസ്ഫർ അപേക്ഷാ സംവിധാനം എന്നിവ നടപ്പിലാക്കുക, ANERT/സമാന സ്ഥാപനങ്ങളിൽ നിന്ന് ഇലക്ട്രിക് വാഹനങ്ങൾ വാടകയ്ക്കെടുക്കുക/പാട്ടത്തിനെടുക്കുക, ഡെസ്ക്ടോപ്പ്, ലാപ്ടോപ്പ്, പ്രിന്റർ, സ്കാനർ തുടങ്ങിയവ വാങ്ങുക, കെ-ഫോൺ നടപ്പിലാക്കുന്നതിനുള്ള ചെലവ് തുടങ്ങിയ ആവശ്യങ്ങൾക്കായി 2425-00-001-91-99, 2425-00-001-91-97, 4425-00-001-96 എന്നീ ശീർഷകങ്ങളിലായി ആകെ 5.5 കോടി രൂപ വകയിരുത്തിയിരിക്കുന്നു. എന്നാൽ സഹകരണ വകുപ്പിന്റെ കോഴിക്കോട് ജില്ലാ ആസ്ഥാന മന്ദിരമായ സഹകരണഭവൻ നിർമ്മാണത്തിനായി 2024-25 സാമ്പത്തിക വർഷം 4425-00-001-96 ശീർഷകത്തിൽ 2.75 കോടി രൂപയും സഹകരണ വകുപ്പിന് ഇലക്ട്രിക് വാഹനം വാടകയ്ക്ക്/പാട്ടത്തിന് എടുക്കുന്നതിലേക്കായി 2425-00-001-91-97 ശീർഷകത്തിൽ 50 ലക്ഷം രൂപയും അധികമായി ആവശ്യമുണ്ട്. അതിനാൽ 2425-00-001-91-97, 4425-00-001-96 ശീർഷകങ്ങളിലായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ ആകെ 3.25 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2425-00-003-88-91—സഹകരണ വകുപ്പിലെ പരിശീലനത്തിനുള്ള സഹായം

ബഡ്ജറ്റ് വിഹിതം - 30 ലക്ഷം രൂപ (പ്ലാൻ)

2) നിയമപരമായ പ്രവർത്തനങ്ങൾ, തെരഞ്ഞെടുപ്പ് നടപടിക്രമങ്ങൾ, ആധുനിക ഓഡിറ്റ് ട്രെൻഡുകൾ, പദ്ധതി തയ്യാറാക്കൽ, മൂല്യനിർണ്ണയം, സഹകരണ മാനേജ്മെന്റിലെ ആധുനിക പ്രവണതകൾ എന്നിവ ഉൾപ്പെടെയുള്ള വകുപ്പുതല ഭരണനിർവ്വഹണത്തിൽ ഉദ്യോഗസ്ഥർക്ക് ചിട്ടയായ പരിശീലനം നൽകുന്നതിനുള്ള പദ്ധതിയാണിത്. 2024-25-ൽ സഹകരണ വകുപ്പിലെ ഉദ്യോഗസ്ഥരുടെ സേവന-സേവനേതര പരിശീലനങ്ങൾക്കായി

വകയിരുത്തിയിരിക്കുന്ന 30 ലക്ഷം രൂപ അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 20 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2425-00-101-91-34-3—സഹകരണ ഓഡിറ്റ് ഡയറക്ടറേറ്റിന്റെയും ജില്ലാ ഓഫീസുകളുടെയും നവീകരണവും അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തലും

2425-00-101-91-91

2425-00-101-91-97

2425-00-101-91-99

4425-00-001-97

ബഡ്ജറ്റ് വിഹിതം : 3 കോടി രൂപ (പ്ലാൻ)

3) സഹകരണ ഓഡിറ്റ് കാലത്തിനനുസരിച്ച് മാറ്റുന്നതിനായി പുതിയ രീതികളും സാങ്കേതിക വിദ്യകളും സ്വീകരിക്കുകയും അവയെ ആധുനികവൽക്കരിക്കുകയും ചെയ്ത് തീം അടിസ്ഥാനമാക്കിയുള്ള പെർഫോമൻസ് ഓഡിറ്റ് നടപ്പിലാക്കി ഓഡിറ്റ് വിഭാഗത്തിന്റെ പുനരാവിഷ്കരണവും നവീകരണവും നടത്തുവാനും സ്പെഷ്യൽ ടാസ്ക് ഫോഴ്സിന്റെയും ഓഡിറ്റ് സെല്ലിന്റെയും രൂപീകരണം, ടീം ഓഡിറ്റിനായി ലാപ്ടോപ്പുകൾ വാങ്ങൽ, സംസ്ഥാനത്തുടനീളമുള്ള ആഡിറ്റ് ആഫീസുകളുടെ അടിസ്ഥാന സൗകര്യ വികസനം, ഓഡിറ്റ് ഡയറക്ടർക്കും ഓഡിറ്റ് ഓഫീസുകൾക്കുമായി വാഹനങ്ങൾ വാടകയ്ക്കെടുക്കൽ/ കരാറിലെടുക്കൽ, ഓഡിറ്റ് വിഭാഗത്തിലെ ജീവനക്കാർക്കുള്ള പരിശീലനം എന്നിവയാണ് പ്രധാനമായും ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ആധുനിക സൂപ്പർവൈസറി ഘടകങ്ങൾ അടിസ്ഥാനമാക്കിയുള്ള മേൽനോട്ട പ്രക്രിയ സഹകരണ മേഖലയിലെ ഓഡിറ്റ് വിഭാഗത്തിൽ ചിട്ടപ്പെടുത്തി നടപ്പിലാക്കുക, സഹകരണ ഓഡിറ്റ് മാനദണ്ഡങ്ങളുടെ വികസനം, ആധുനിക ഇന്റേണൽ ഓഡിറ്റ് സംവിധാനങ്ങളുടെയും പരിശോധനകളുടെയും വികസനം, ഏകീകൃത അക്കൗണ്ടിംഗ് സംവിധാനത്തിനായി പുതിയ ഓഡിറ്റ് തന്ത്രവും പ്രവർത്തന പദ്ധതിയും തയ്യാറാക്കൽ, പുതിയ ഓഡിറ്റ് സോഫ്റ്റ്‌വെയറുകളുടെയും ടൂളുകളുടെയും സ്വീകാര്യത, കമ്പ്യൂട്ടർ അസിസ്റ്റഡ് ഓഡിറ്റിംഗ് ടൂളുകളുമായും പ്രവർത്തനരീതികളുമായും പൊരുത്തപ്പെടലും ആധുനികവൽക്കരണവും, തീം അടിസ്ഥാനമാക്കിയുള്ള പെർഫോമൻസ് ഓഡിറ്റിന്റെ ആസൂത്രണവും രൂപകൽപ്പനയും, ആധുനിക ഓഡിറ്റ് പരിശോധനകൾക്കായുള്ള റിസ്ക് വിശകലന മോഡലുകളുടെ വികസനം, മേൽനോട്ട ഓഡിറ്റ് മോഡലുകൾ വികസിപ്പിക്കുക, ഓഡിറ്റ് പ്രക്രിയ കമ്പ്യൂട്ടറൈസ് ചെയ്യുന്നതിനുള്ള സഹായം, ഓഡിറ്റ് നോട്ടിന്റെയും മെമ്മോറാണ്ടം ഫോർമാറ്റിന്റെയും പുതിയ പതിപ്പുകൾ സ്വായത്തമാക്കുക, ഓഡിറ്റ് ഓഫീസർമാർക്കുള്ള തീവ്രപരിശീലനം, ഓഡിറ്റ് കൈപ്പുസ്തക വികസനം എന്നിവയാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. പ്രസ്തുത പദ്ധതിക്ക് 2425-00-101-91, 4425-00-001-97 എന്നീ ശീർഷകങ്ങളിലായി ആകെ

വകയിരുത്തിയിരിക്കുന്ന 3 കോടി രൂപ അപര്യാപ്തമായതിനാൽ പദ്ധതിയുമായി ബന്ധപ്പെട്ട വിവിധ ഘടകങ്ങൾക്കായി- പ്രത്യേക ദൗത്യസേനയുടെ രൂപീകരണം (2425-00-101-91-34-3) - 30 ലക്ഷം, ഐ.റ്റി ഓഡിറ്റ് സെൽ സ്ഥാപിക്കൽ, ഓഡിറ്റർമാർക്ക് ലാപ്ടോപ്പ്, കമ്പ്യൂട്ടർ എന്നിവ വാങ്ങുന്നതിന് (2425-00-001-91-99) - 179 ലക്ഷം , ഓഡിറ്റർമാർക്കുള്ള പരിശീലനം/ വർക്ക്ഷോപ്പുകൾ (2425-00-101-91-91) - 35 ലക്ഷം, ഓഡിറ്റ് ആഫീസുകളുടെ നവീകരണം (4425-00-001-97) - 302 ലക്ഷം, 14 ജില്ലാ ഓഫീസുകളിലും ഓഡിറ്റ് ഡയറക്ടറേറ്റിലും വാഹനങ്ങൾ പാട്ടത്തിന്/വാടകയ്ക്ക് എടുക്കൽ, സഹകരണ ഓഡിറ്റ് ഡയറക്ടർക്കുള്ള ഔദ്യോഗിക വാഹനം വാങ്ങൽ (2425-00-101-91-97) - 57 ലക്ഷം - എന്നിങ്ങനെ വിവിധ ശീർഷകങ്ങളിലായി ആകെ 6.03 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## ധനാഭ്യർത്ഥന XXVIII—പലവക സാമ്പത്തിക സർവ്വീസുകൾ

വോട്ട് ചെയ്തത് : 4853.8756 കോടി രൂപ

ചാർജ്ജ് ചെയ്തത് : ഇല്ല

3475-00-106-99-06—അളവുകളുടെയും തൂക്കങ്ങളുടെയും ക്രമീകരണം മെട്രിക് സമ്പ്രദായം നടപ്പാക്കൽ - വാടക, കരം, നികുതി.

ബഡ്ജറ്റ് വിഹിതം - 38.83 ലക്ഷം രൂപ (നോൺ പ്ലാൻ)

4) സ്വകാര്യ കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന ലീഗൽ മെട്രോളജി വകുപ്പിന്റെ ഓഫീസുകളുടെ പ്രതിമാസ വാടക, വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന പുതുതായി രൂപീകരിച്ച 14 താലൂക്ക് തല ഇൻസ്പെക്ടറാഫീസുകളുടെ വാടക, ഹൗസിംഗ് ബോർഡ് കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന ലീഗൽ മെട്രോളജി ഓഫീസുകളുടെ വാടക, മുൻ സാമ്പത്തിക വർഷങ്ങളിലെ പെൻഡിംഗ് തുക മുതലായവ നൽകുന്നതിന് അനുവദിച്ച 38.83 ലക്ഷം രൂപ അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 50 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3475-00-106-99-21-2—അളവുകളുടെയും തൂക്കങ്ങളുടെയും ക്രമീകരണം മെട്രിക് സമ്പ്രദായം നടപ്പാക്കൽ-മോട്ടോർ വാഹനങ്ങൾ -സംരക്ഷണവും അറ്റകുറ്റപ്പണികളും

ബഡ്ജറ്റ് വിഹിതം - 7.01 ലക്ഷം രൂപ (നോൺ പ്ലാൻ)

5) എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി തുടർച്ചയായി പരിശോധനകൾ നടത്തുന്നതിനായി സ്ഥിരമായി വാഹനങ്ങൾ ഉപയോഗിക്കേണ്ടി വരുന്നതുമൂലം വാഹനങ്ങൾക്കുണ്ടാകുന്ന അറ്റകുറ്റപ്പണികൾക്കും മുൻ സാമ്പത്തിക വർഷങ്ങളിലെ പെൻഡിംഗ്

തുക നൽകുന്നതിനും നിലവിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 10 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3475-00-106-99-45—അളവുകളുടെയും തൂക്കങ്ങളുടെയും ക്രമീകരണം മെട്രിക് സമ്പ്രദായം നടപ്പാക്കൽ - പി.ഒ.എൽ.

ബഡ്ജറ്റ് വിഹിതം - 38 ലക്ഷം രൂപ (നോൺ പ്ലാൻ)

6) എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി തുടർച്ചയായി നടത്തുന്ന പരിശോധനകൾക്ക് സ്ഥിരമായി വാഹനങ്ങൾ ഉപയോഗിക്കുന്നതുമൂലം വർദ്ധിച്ചു വരുന്ന ഇന്ധന ചെലവ് വഹിക്കുന്നതിന് നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 50 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3475-00-106-98—അളവുകളും തൂക്കങ്ങളും പരിശോധനയുടെ ഗുണവും കൃത്യതയും വർദ്ധിപ്പിക്കൽ

ബഡ്ജറ്റ് വിഹിതം - 2.68 കോടി രൂപ (പ്ലാൻ)

7) കാര്യക്ഷമവും കുറ്റമറ്റതുമായ പ്രവർത്തനം ഉറപ്പാക്കുന്നതിനായി ലീഗൽ മെട്രോളജി വകുപ്പിനെ ആധുനികവൽക്കരിക്കുന്നതിനുള്ള പദ്ധതിയാണിത്. 2024-25 സാമ്പത്തിക വർഷത്തിൽ വകുപ്പിന്റെ ലബോറട്ടറികളുടെയും ഓഫീസുകളുടെയും നിലവാരം മെച്ചപ്പെടുത്തുന്നതിനും പരിപാലനത്തിനും, ഫർണിച്ചറുകൾ ഉൾപ്പെടെ പരിശോധനാ ഉപകരണങ്ങൾ വാങ്ങുന്നതിനും 40 ലക്ഷം രൂപ, സ്റ്റാംപിംഗ് പഞ്ചുകൾ, സീലിംഗ് സ്റ്റഡ്ഡുകൾ, സ്റ്റാംപിംഗ് പ്ളയറുകൾ മുതലായവ വാങ്ങുന്നതിലേക്ക് 17 ലക്ഷം രൂപ, ഇലക്ട്രോണിക് ബാലൻസുകൾക്ക് സ്പെഷ്യൽ സീലിംഗ് ടാഗുകൾ വാങ്ങുന്നതിലേക്ക് 145 ലക്ഷം രൂപ, വകുപ്പിലെ കാലഹരണപ്പെട്ട വാഹനങ്ങൾ മാറ്റിവാങ്ങുന്നതിലേക്ക് 75 ലക്ഷം രൂപ, ഇ-ഗവേർണൻസ് പ്രോജക്ടുകൾക്ക് 97 ലക്ഷം രൂപ എന്നിങ്ങനെ ആകെ 3.74 കോടി രൂപ ആവശ്യമുള്ളതിനാൽ ഈ ശീർഷകത്തിൽ 1.06 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3475-00-106-90-91—പരിശീലന പരിപാടി - പരിശീലനം

ബഡ്ജറ്റ് വിഹിതം - 5 ലക്ഷം രൂപ (പ്ലാൻ)

8) ലീഗൽ മെട്രോളജി മേഖലയിലെ ഏറ്റവും പുതിയ മാറ്റങ്ങളും സംഭവ വികാസങ്ങളും അപ്ഡേറ്റ് ചെയ്യുന്നതിനുള്ള ആനുകാലിക റിഫ്രഷർ പരിശീലനം ഒ ഐ എം എൽ

ശിപാർശയ്ക്കനുസൃതമായി ഓരോ ലീഗൽ മെട്രോളജി ഓഫീസർക്കും ആവശ്യമാണ്. സംസ്ഥാനത്തിനകത്തും പുറത്തുമുള്ള വിവിധ പരിശീലന കേന്ദ്രങ്ങളായ നാഷണൽ ഫിസിക്കൽ ലബോറട്ടറി, നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ട്രെയിനിംഗ് ഫോർ സ്റ്റാൻഡേർഡൈസേഷൻ, ബ്യൂറോ ഓഫ് ഇന്ത്യൻ സ്റ്റാൻഡേർഡ്സ്, ഫ്ലൂയിഡ് കൺട്രോൾ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫൈനാൻഷ്യൽ മാനേജ്മെന്റ്, ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫർമേഷൻ ടെക്നോളജി-കേരള, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ ഗവൺമെന്റ് എന്നിവിടങ്ങളിൽ ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകി ഉപഭോക്താക്കൾക്ക് മെച്ചപ്പെട്ടതും ഉയർന്ന ഗുണനിലവാരത്തിലുമുള്ള സേവനം ഉറപ്പുവരുത്താനും, തൊഴിൽ നൈപുണ്യം, മനോഭാവം, നിർവ്വഹണശേഷി എന്നിവ ഉയർത്തുന്നതിനുമായി മേൽ ശീർഷകത്തിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ 5 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

5475-00-800-80-04—ട്രഷറി ഡയറക്ടറേറ്റ് ഉൾപ്പെടെ പുതിയ ട്രഷറി കെട്ടിടങ്ങളുടെ നിർമ്മാണം

ബഡ്ജറ്റ് വിഹിതം - 3.6043 കോടി രൂപ (പ്ലാൻ)

9) സംസ്ഥാനത്തെ ട്രഷറികളുടെ ഭൗതിക അടിസ്ഥാന സൗകര്യങ്ങളുടെ വികസനത്തിനായുള്ള പദ്ധതിയാണിത്. സ്വന്തമായി കെട്ടിടമില്ലാത്ത ട്രഷറികൾക്ക് ഭൂമി ലഭ്യമാക്കി അവിടെ പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുക, വകുപ്പിന്റെ ഉപയോഗയോഗ്യമല്ലാത്ത കെട്ടിടങ്ങൾ പൊളിച്ചുമാറ്റി പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുക, മെച്ചപ്പെടുത്തലുകൾ ആവശ്യമായ കെട്ടിടങ്ങൾ നവീകരിക്കുക, ഉപഭോക്തൃ സൗഹൃദ അന്തരീക്ഷം സാധ്യമാക്കുന്നതിനായി ഇടപാടുകാർക്ക് കുടിവെള്ളം, റാമ്പ്, ആധുനിക ഫർണിച്ചർ, ഫാൻ ഉൾപ്പെടെയുള്ള സൗകര്യങ്ങൾ ഒരുക്കുക തുടങ്ങിയ കാര്യങ്ങൾ ഈ പദ്ധതിയിൽ ഉൾപ്പെടുന്നു. പദ്ധതിയുമായി ബന്ധപ്പെട്ട് പൂർത്തിയാക്കിയ 17 പ്രൊജക്ടുകളുടെ വർക്ക് ബിൽ മാറി നൽകൽ, പുതിയതായി നിർമ്മിക്കുന്ന 22 കെട്ടിടങ്ങൾക്കുള്ള തുക, ISO : 27001 ട്രഷറി കെട്ടിടങ്ങളുടെ ആധുനിക വൽക്കരണം, നിലവിലുള്ള ശോചനീയമായ കെട്ടിടങ്ങളുടെ നവീകരണം, ട്രഷറി പ്രവർത്തനം സുഗമമാക്കുവാൻ വാടക കെട്ടിടങ്ങളിലെ വൈദ്യുതീകരണവും നെറ്റ്വർക്കിങ്ങും ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കൽ, സ്ത്രീ സൗഹൃദമാക്കാനുള്ള സൗകര്യങ്ങൾ ഒരുക്കൽ, തെരഞ്ഞെടുത്ത ട്രഷറികളെ മാതൃകാ ട്രഷറി എന്ന നിലവാരത്തിലേക്ക് ഉയർത്തൽ എന്നീ ഘടകങ്ങൾക്കായി ഈ ശീർഷകത്തിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ 5 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

5475-00-800-79—ലീഗൽ മെട്രോളജി വകുപ്പിന്റെ നവീകരണ പ്രവൃത്തികൾ

ബഡ്ജറ്റ് വിഹിതം : 92.47 ലക്ഷം രൂപ (പ്ലാൻ)

10) ലീഗൽ മെട്രോളജി വകുപ്പിന്റെ ഡെപ്പോസിറ്റ് വർക്കുകൾക്കുള്ള ചെലവുകൾ വഹിക്കാനായുള്ള ശീർഷകമാണിത്. കോട്ടയം, കാസർഗോഡ്, കണ്ണൂർ ജില്ലകളിലെ ഓഫീസ് കെട്ടിട ലബോറട്ടറി കോംപ്ലക്സ് നിർമ്മാണത്തിനും എറണാകുളം ലീഗൽ മെട്രോളജി ഭവനിൽ ലിഫ്റ്റ് മെയിന്റനൻസിനും പുതിയ ലിഫ്റ്റ് സ്ഥാപിക്കുന്നതിനുമായി ആകെ 10.9347 കോടി രൂപ ആവശ്യമായതിനാൽ ഈ ശീർഷകത്തിൽ 10.01 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**ധനാഭ്യർത്ഥന നമ്പർ XXX—ഭക്ഷ്യം**

| | | |
|---|---|---|
| വോട്ട് ചെയ്തത് | : | 1933.2093 കോടി രൂപ |
| ചാർജ് ചെയ്തത് | : | ഇല്ല |

2408-01-101-96-33—കേരള സംസ്ഥാന സിവിൽ സപ്ലൈസ് കോർപ്പറേഷനും മറ്റ് ഏജൻസികളും വഴി നെല്ല് സംഭരിക്കൽ-സബ്സിഡികൾ

ബഡ്ജറ്റ് വിഹിതം : 577.5 കോടി രൂപ (നോൺ പ്ലാൻ)

11) കേരളത്തിലെ നെൽ കർഷകർ ഉത്പാദിപ്പിക്കുന്ന നെല്ല് നിശ്ചിത ഗുണമേന്മ മാനദണ്ഡങ്ങൾക്കനുസൃതമായി കർഷകരിൽ നിന്ന് ഏറ്റെടുത്ത്, ആധുനിക അരി മില്ലുകളിൽ സംസ്കരിച്ച്, പൊതുവിതരണ സംവിധാനത്തിലൂടെ വിതരണം ചെയ്യുന്നതിനുള്ള പദ്ധതിയാണിത്. 2024-25 സാമ്പത്തിക വർഷം 7.75 ലക്ഷം മെട്രിക് ടൺ നെല്ലാണ് സംഭരിക്കാൻ ഉദ്ദേശിക്കുന്നത്. ആയതിനുള്ള സ്റ്റേറ്റ് ഇൻസെന്റീവ് ബോണസ് ഇനത്തിൽ 6.37 രൂപ/kg നിരക്കിൽ 493.69 കോടി രൂപ ചെലവ് വരുന്നതാണ്. ഇതിനു പുറമെ പലിശ ഇനത്തിൽ 60 കോടി രൂപയും, 2024-25 കാലയളവിലെ സ്റ്റേറ്റ് ഇൻസെന്റീവ് ബോണസ് ഇനത്തിൽ ഉണ്ടായേക്കാവുന്ന അധിക ചെലവിനത്തിൽ 23.81 കോടി രൂപയും പ്രതീക്ഷിക്കുന്നു. കൂടാതെ 2022-23, 2023-24 സാമ്പത്തിക വർഷങ്ങളിലെ കുടിശ്ശിക ഇനത്തിൽ 605 കോടി രൂപയും ലഭിക്കേണ്ടതുണ്ട്.

ഈ ശീർഷകത്തിൽ നിലവിൽ വകയിരുത്തിയിട്ടുള്ള തുക 2024-25 സാമ്പത്തിക വർഷത്തെ സംസ്ഥാന പ്രോത്സാഹന ബോണസിനത്തിന് മാത്രമെ തികയുകയുള്ളൂ. അതിനാൽ മുൻ വർഷങ്ങളിലെ കുടിശ്ശിക നൽകുന്നതിലേക്കായി 605 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2408-01-101-92—ഭക്ഷ്യധാന്യങ്ങളുടെ അന്തർസംസ്ഥാന ഗതാഗതത്തിന് സംസ്ഥാന ഏജൻസികൾക്കുള്ള സഹായം (50% കേന്ദ്രസഹായ പദ്ധതി)

ബഡ്ജറ്റ് വിഹിതം - ഇല്ല.

12) ദേശീയ ഭക്ഷ്യ ഭദ്രതാ നിയമ പ്രകാരമുള്ള റേഷൻ വിതരണത്തിന്റെ ഗതാഗത കൈകാര്യ ചെലവുകളുടെ കേന്ദ്രവിഹിതം, സംസ്ഥാന വിഹിതം എന്നിവ 2023-24 മുതൽ 2408-01-101-92 ശീർഷകത്തിന്റെ (01) കേന്ദ്രവിഹിതം, (02) സംസ്ഥാന വിഹിതം എന്നീ ഉപശീർഷകങ്ങളിലും 2024-25-ൽ ഇവ കൂടാതെ അധിക സംസ്ഥാന വിഹിതം കൂടി 2408-01-101-92 ശീർഷകത്തിന്റെ (03) അധിക സംസ്ഥാന വിഹിതം എന്ന ഉപശീർഷകത്തിലുമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. എന്നാൽ 2024-25 വർഷത്തെ ബഡ്ജറ്റിൽ പ്രസ്തുത ശീർഷകങ്ങളിൽ തുക വകയിരുത്തിയിട്ടില്ല. അധിക സംസ്ഥാന വിഹിതത്തിനുള്ള തുക നടപ്പ് വർഷം 2408-01-101-94-03-33-NP ശീർഷകത്തിലാണ് അനുവദിച്ചിട്ടുള്ളത്.

NFSA റേഷൻ വിതരണത്തിനുള്ള ഗതാഗത കൈകാര്യ ചെലവുകളുടെ കേന്ദ്രവിഹിതം, സംസ്ഥാന വിഹിതം ഇനങ്ങളിൽ 2024-25 വർഷത്തേയ്ക്ക് 32.40 കോടി രൂപ വീതം 64.80 കോടി രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നത്. ആയതിനാൽ 2024-25-ലെ NFSA റേഷൻ വിതരണത്തിനുള്ള ഗതാഗത കൈകാര്യ ചെലവുകളുടെ കേന്ദ്രവിഹിതം, സംസ്ഥാന വിഹിതം എന്നിവ വിതരണം ചെയ്യുന്നതിനായി 2408-01-101-94-03-33-NP ശീർഷകത്തിൽ നിന്നും ടി ശീർഷകത്തിൽ 2024-25 ലേയ്ക്ക് ആവശ്യമായ 246 കോടി രൂപ നിലനിർത്തിക്കൊണ്ട് ബാക്കിവരുന്ന 14.80 കോടി രൂപ ധനപുനർവിനിയോഗം മുഖേന 2408-01-101-92-01-PV, 2408-01-101-92-02-PV ഉപശീർഷകങ്ങളിലേയ്ക്ക് 7.40 കോടി രൂപ വീതവും അതിനു പുറമെ 25 കോടി രൂപ വീതവും അപ്രകാരം പ്രസ്തുത ഉപശീർഷകങ്ങളിലായി 32.40 കോടി രൂപ വീതം ഈ ശീർഷകത്തിൽ ആകെ 64.80 കോടി രൂപ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2408-01-101-91—ന്യായവില ഷോപ്പ് ഡീലർമാരുടെ വിഹിതം നൽകുന്നതിന് സംസ്ഥാന ഏജൻസികൾക്കുള്ള സഹായം (50% കേന്ദ്രസഹായ പദ്ധതി)

ബഡ്ജറ്റ് വിഹിതം - ഇല്ല.

13) 2023-2024 വർഷം മുതൽ ദേശീയ ഭക്ഷ്യ ഭദ്രതാ നിയമ പ്രകാരമുള്ള റേഷൻ വിതരണത്തിന്റെ ചില്ലറ വ്യാപാരി കമ്മീഷൻ തുകയുടെ, കേന്ദ്ര വിഹിതം, സംസ്ഥാന വിഹിതം, അധിക സംസ്ഥാന വിഹിതം എന്നിവ 2408-01-101-91 ശീർഷകത്തിന്റെ (01) കേന്ദ്രവിഹിതം, (02) സംസ്ഥാന വിഹിതം, (03) അധിക സംസ്ഥാന വിഹിതം എന്നീ ഉപശീർഷകങ്ങളിലാണ് അനുവദിക്കുന്നത്. എന്നാൽ 2024-2025 വർഷത്തെ ബഡ്ജറ്റിൽ

പ്രസ്തുത ശീർഷകങ്ങളിലേക്ക് തുക വകയിരുത്തിയിട്ടില്ല. അധിക സംസ്ഥാന വിഹിതത്തിനുള്ള തുക നടപ്പ് വർഷം 2408-01-101-94-02-33 NP ശീർഷകത്തിലാണ് അനുവദിച്ചിട്ടുള്ളത്. NFSA റേഷൻ വിതരണത്തിനുള്ള കേന്ദ്ര വിഹിതം, സംസ്ഥാന വിഹിതം ഇനങ്ങളിൽ 2024 - 2025 വർഷത്തേക്ക് 53.50 കോടി രൂപ വീതം 107 കോടി രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നത്.

അതിനാൽ 2024-2025-ലെ NFSA റേഷൻ വിതരണത്തിനുള്ള റേഷൻ വ്യാപാരി കമ്മീഷൻ ഇനത്തിലുള്ള കേന്ദ്ര വിഹിതം, സംസ്ഥാന വിഹിതം എന്നിവ വിതരണം ചെയ്യുന്നതിനായി 2408-01-101-94-02-33-NP ശീർഷകത്തിൽ നിന്നും ടി ശീർഷകത്തിൽ 2024-2025 ലേക്ക് ആവശ്യമായ 205 കോടി രൂപ നിലനിർത്തിക്കൊണ്ട് ബാക്കി വരുന്ന 103 കോടി രൂപ 2408-01-101-91-01-PV, 2408-01-101-91-02-PV എന്നീ ഉപശീർഷകങ്ങളിലേക്ക് 51.50 കോടി രൂപ വീതം ധനപുനർവിനിയോഗം വഴി അനുവദിക്കണമെന്നും അതിനു പുറമെ 2 കോടി രൂപ വീതം ആകെ 4 കോടി രൂപ പ്രസ്തുത ഉപശീർഷകങ്ങളിൽ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

2408-01-102-99-33—കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ ലിമിറ്റഡിലേക്ക് മാർക്കറ്റ് ഇന്റർവെൻഷൻ പ്രവർത്തനങ്ങൾക്കുള്ള ഗ്രാന്റ് - സബ്സിഡികൾ

ബഡ്ജറ്റ് വിഹിതം : 205 കോടി രൂപ (നോൺ പ്ലാൻ)

14) പൊതു വിപണിയിലുണ്ടാകുന്ന വിലക്കയറ്റം നിയന്ത്രിക്കാനായി സർക്കാർ രൂപീകരിച്ചിട്ടുള്ള വിപണിയിടപെടൽ വഴി അവശ്യസാധനങ്ങൾ സർക്കാർ നിശ്ചയിക്കുന്ന സബ്സിഡി നിരക്കിൽ സപ്ലൈകോയുടെ 1620-ൽ പരം വിൽപനശാലകൾ മുഖേന വിതരണം ചെയ്യുന്ന പദ്ധതിയാണിത്. ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിലെ കമ്പോള വില നിയന്ത്രിക്കുന്നതിൽ ഇത് വലിയ പങ്ക് വഹിക്കുന്നു. അവശ്യസാധനങ്ങൾക്കു പുറമേ മറ്റു ഉപഭോക്തൃ താല്പര്യ ഉല്പന്നങ്ങൾ (എഫ്.എം.സി.ജി.) എം.ആർ.പി.യെക്കാളും ശരാശരി 10% കുറവിൽ വിതരണം ചെയ്യുന്നു. ശരാശരി 15% വരെ ഡിസ്കൗണ്ടിൽ മരുന്നുകൾ വിൽക്കാൻ 105 ചില്ലറ മരുന്ന് വിൽപ്പനശാലകൾ സംസ്ഥാനത്തുടനീളം പ്രവർത്തിക്കുന്നുണ്ട്. ബി.പി.എൽ. കുടുംബങ്ങൾക്ക് 25% ഡിസ്കൗണ്ടിൽ മരുന്നുകൾ വിതരണം ചെയ്യുന്നു. മരുന്നുകളുടെ വാങ്ങലും വിതരണവും കൂടുതൽ സുതാര്യമാക്കാൻ 5 മെഡിക്കൽ മൊത്തവ്യാപാര ഡിപ്പോകൾ പ്രവർത്തിച്ചു വരുന്നു. സപ്ലൈകോ നടത്തി വരുന്ന മാർക്കറ്റ് ഇന്റർവെൻഷൻ പ്രവർത്തനങ്ങൾക്ക് ധനസഹായം നൽകുന്നതിനായാണ് പ്രസ്തുത ശീർഷകത്തിൽ തുക വകയിരുത്തിയിട്ടുള്ളത്.

വിപണിയിടപെടലിന്റെ ഭാഗമായി നിലവിൽ 14 ഇനം അവശ്യസാധനങ്ങളാണ് സബ്സിഡി നിരക്കിൽ സപ്ലൈകോ വില്പന നടത്തുന്നത്. അവശ്യസാധനങ്ങൾ വിൽപ്പന നടത്തിയ വകയിൽ പ്രതിമാസം ശരാശരി 40 മുതൽ 50 കോടി രൂപയുടെ നഷ്ടം സപ്ലൈക്കോയ്ക്ക് ഉണ്ടാകുന്നുണ്ട്. 2024-25 സാമ്പത്തിക വർഷം ഫലപ്രദമായ വിപണിയിടപെടൽ പ്രവർത്തനങ്ങൾക്ക് പ്രതീക്ഷിക്കുന്ന ചെലവ് 480 കോടി രൂപ, മുൻ കാലങ്ങളിൽ വിപണിയിടപെടൽ നടത്തിയ ഇനത്തിൽ കുടിശ്ശികയുള്ള തുകയിൽ അടിയന്തര ധനസഹായമായി 500 കോടി രൂപ എന്നിങ്ങനെ ആകെ 980 കോടി രൂപ ആവശ്യമുണ്ട്. അതിനാൽ ഈ ശീർഷകത്തിൽ 775 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2408-01-190-92—സപ്ലൈകോയുടെ വില്പന കേന്ദ്രങ്ങൾ നവീകരിക്കൽ

ബഡ്ജറ്റ് വിഹിതം - 6.15 കോടി രൂപ (പ്ലാൻ).

15) സംസ്ഥാനത്തൊട്ടാകെ സപ്ലൈകോയുടെ കീഴിലുള്ള 1100 ചില്ലറ വില്പന ശാലകൾ പ്രവർത്തിച്ചുവരുന്നു. സപ്ലൈകോയുടെ വില്പനശാലകളിൽ നിന്നും ജനങ്ങൾക്ക് കൂടുതൽ മെച്ചപ്പെട്ടതും വേഗത്തിലുള്ളതുമായ സേവനം നൽകുക എന്ന ഉദ്ദേശത്തോടെ എല്ലാ വില്പനശാലകളും കാലാനുസൃതമായി നവീകരിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. 2018-19 സാമ്പത്തിക വർഷം തുടക്കമെന്ന നിലയിൽ നൂറോളം വില്പനശാലകൾ നവീകരിക്കുകയുണ്ടായി.2019-20 സാമ്പത്തിക വർഷം 40 വില്പനശാലകളും 2020-21 സാമ്പത്തിക വർഷം 93 വില്പനശാലകളും 2021-22-ൽ 49 വില്പനശാലകളും 2022-23-ൽ 25 വില്പനശാലകളും സപ്ലൈകോ നവീകരിക്കുകയുണ്ടായി. 2023-24 സാമ്പത്തിക വർഷം ഈ പദ്ധതിക്ക് 10 കോടി രൂപ വകയിരുത്തിയിരുന്നു. നടപ്പ് വർഷം ഇതുവരെ 100 വില്പനശാലകൾ നവീകരണത്തിന് തെരഞ്ഞെടുക്കുകയും 14 വില്പനശാലകളുടെ നവീകരണത്തിന് വർക്ക് ഓർഡർ നൽകുകയും ചെയ്തിട്ടുണ്ട്. 2024-25-ലെ ബഡ്ജറ്റ് പ്രൊപ്പോസലിൽ ഔട്ട് ലെറ്റ് നവീകരണത്തിനും ERP സംവിധാനം നടപ്പാക്കലിനുമായി 10 കോടി രൂപ 2408-01-190-92 ശീർഷകത്തിൽ ആവശ്യപ്പെട്ടതിൽ 6.15 കോടി രൂപ ഈ ശീർഷകത്തിലും 3.85 കോടി രൂപ 4408-01-101-93 എന്ന പുതിയ ക്യാപിറ്റൽ ശീർഷകത്തിലുമാണ് വകയിരുത്തിയിരിക്കുന്നത്.

എന്നാൽ മുൻ വർഷങ്ങളിലെ 9.02 കോടി രൂപ നിലവിൽ സർക്കാരിൽ കുടിശ്ശികയായി നിൽക്കുന്നു. ടി കുടിശ്ശിക തുക വിതരണം ചെയ്യുന്നതിലേക്കായി 2024-25-ൽ നിലവിലുള്ള ബഡ്ജറ്റ് വിഹിതത്തിനുപുറമെ 9.02 കോടി രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2408-01-800-88—ഉപഭോക്താക്കളുടെ സംരക്ഷണത്തിനായി ഉപഭോക്തൃ ഫോറങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ ശക്തിപ്പെടുത്തുന്നതിനുള്ള സംയോജിത പദ്ധതി. (100% സി.എസ്.എസ്)

ബഡ്ജറ്റ് വിഹിതം - ഇല്ല.

16) സംസ്ഥാന ജില്ലാതല ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷനുകളുടെ അടിസ്ഥാന സൗകര്യങ്ങൾ ശക്തിപ്പെടുത്തുക എന്നതാണ് 100% കേന്ദ്ര വിഹിതമുള്ള ഈ പദ്ധതി വിഭാവനം ചെയ്യുന്നത്. 1994-95 മുതൽ കേന്ദ്ര സർക്കാർ പദ്ധതി വിഹിതം സംസ്ഥാന സർക്കാർ അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്യുകയും തുടർന്ന് തുക ഈ ശീർഷകത്തിലേക്ക് അധികധനാനുമതിയായി വകയിരുത്തുകയുമാണ് ചെയ്തു വന്നിട്ടുള്ളത്. കേന്ദ്ര സർക്കാരിന്റെ പുതിയ തീരുമാന പ്രകാരം ഫണ്ട് ട്രാൻസ്ഫർ സി.എൻ.എ. അക്കൗണ്ട് മുഖേന ആക്കിയിട്ടുള്ളതിനാൽ പദ്ധതിക്കായി പൊതുവിതരണ കമ്മീഷണറുടെ പേരിൽ സി.എൻ.എ. അക്കൗണ്ട് തുടങ്ങിയിട്ടുണ്ട്.

കേന്ദ്രാവിഷ്കൃത പദ്ധതിക്കായി 1994-95 മുതൽ 2016-17 വരെയുള്ള കാലയളവിലേക്ക് കേന്ദ്ര സർക്കാർ സംസ്ഥാന സർക്കാർ അക്കൗണ്ടിലേക്ക് അനുവദിച്ചിട്ടുള്ള വിഹിതം 10.5112 കോടി രൂപയാണ്. ആയതിൽ നിന്നും വകുപ്പ് ശീർഷകത്തിലേക്ക് ഇതുവരെ വകയിരുത്തി തന്നിട്ടുള്ള തുക 10.0108 കോടി രൂപയാണ്. ടി തുക പൂർണ്ണമായി ചെലവഴിച്ച് ധനവിനിയോഗ സാക്ഷ്യപത്രം സർക്കാരിലേക്ക് സമർപ്പിച്ചിട്ടുണ്ട്. സംസ്ഥാന സർക്കാരിന്റെ അക്കൗണ്ടിൽ അവശേഷിക്കുന്ന പദ്ധതി കേന്ദ്ര വിഹിതം തുക 50.04 ലക്ഷം രൂപയാണ്. ടി തുക പദ്ധതിക്കായി ആരംഭിച്ചിട്ടുള്ള സി.എൻ.എ. അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്ത് ചെലവഴിക്കുന്നതിനായി 2408-01-800-88-PV ശീർഷകത്തിലേക്ക് 2024-25 സാമ്പത്തിക വർഷം അനുവദിക്കേണ്ടതുണ്ട്. അതിനാൽ 50.04 ലക്ഷം രൂപ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3456-00-001-78—ദേശീയ ഭക്ഷ്യസുരക്ഷാ നിയമം നടപ്പിലാക്കുന്നതിനുള്ള സഹായം (സംസ്ഥാന പദ്ധതി)

ബഡ്ജറ്റ് വിഹിതം - 16.31 കോടി രൂപ (പ്ലാൻ).

17) ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം നടപ്പിലാക്കുന്നതിനായി സംസ്ഥാന സർക്കാരിൽ നിന്നും ലഭിക്കുന്ന ധനസഹായം ഈ ശീർഷകത്തിലാണ് വകയിരുത്തിയിരുന്നത്. 2024-2025-ലെ ബഡ്ജറ്റിൽ പ്രസ്തുത പദ്ധതിയുടെ പരിധിയിൽ വരുന്ന റിക്കറിംഗ് സ്വഭാവത്തിലുള്ള ഘടകങ്ങൾക്കുള്ള തുക മാത്രമാണ് 3456-00-001-78-NP റവന്യൂ ശീർഷകത്തിന് കീഴിൽ വരുന്ന 34-03, 91, 99 എന്നീ ഉപശീർഷകങ്ങളിലായി വകയിരുത്തിയിട്ടുള്ളത്. ടി 3 ഉപശീർഷകങ്ങളിലായി വകയിരുത്തിയിട്ടുള്ള 16.31 കോടി രൂപ, ബയോമെട്രിക് ഡിവൈസസ് ആൻഡ് ഇപോസ് മെഷീനുകൾ, സോഷ്യൽ ആഡിറ്റ്, എസ്.എം.എസ്. ചെലവ്, കപ്പാസിറ്റി ബിൽഡിങ് വർക്ഷോപ്പ്, ഇൻഫോർമേഷൻ, എഡ്യൂക്കേഷൻ, കമ്മ്യൂണിക്കേഷൻ (IEC), എമർജൻസി റിലീഫ് ഫണ്ട്, റേഷൻ ഷോപ്പുകൾക്ക് സ്ഥല സൗകര്യം വർധിപ്പിക്കുന്നതിനുള്ള സഹായം, സഞ്ചരിക്കുന്ന റേഷൻ കട, ഐ.റ്റി. ഇൻഡിപെൻഡൻസ്, പിഡിഎസ് സർവറിന്റെ ആന്വൽ മെയിന്റനൻസ് കോൺട്രാക്ട്, ഇപോസ് മെഷീൻ ഇലക്ട്രോണിക്ക് വേയിങ് സ്കെയിലുമായി ബന്ധിപ്പിക്കൽ എന്നീ

പദ്ധതി ഘടകങ്ങൾക്ക് വേണ്ടി ചെലവഴിക്കുന്നതിനാണ് അനുവദിച്ചിട്ടുള്ളത്. പ്രസ്തുത പദ്ധതിയുടെ പരിധിയിൽ വരുന്ന നോൺ റിക്കറിംഗ് സ്വഭാവത്തിലുള്ള പദ്ധതി ഘടകങ്ങൾക്കുള്ള തുകയായി 3.37 കോടി രൂപ 2024-2025-ലെ ബഡ്ജറ്റിൽ പുതിയതായി രൂപീകരിച്ചിട്ടുള്ള 4408-01-101-92-PV ശീർഷകത്തിലാണ് വകയിരുത്തിയിട്ടുള്ളത്.

റേഷൻ വാങ്ങുന്ന ഉപഭോക്താക്കളുടെ മൊബൈൽ ഫോണിലേക്ക് പ്രതിമാസ റേഷൻ വിഹിതം, വിതരണം ചെയ്ത റേഷന്റെ അളവ്, OTP തുടങ്ങി വിവിധ തരം സന്ദേശങ്ങൾ അയയ്ക്കുന്ന ഇനത്തിൽ C-DAC ന് നൽകുന്നതിനായി 2024-25 വർഷത്തിൽ 1 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നു. ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013-ന്റെ സെക്ഷൻ 28 അനുശാസിക്കുന്ന പ്രകാരമുള്ള സോഷ്യൽ ആഡിറ്റ് സംസ്ഥാനത്ത് നിർബന്ധമായും നടപ്പിലാക്കേണ്ടതാണ്. ഒരു സാമ്പത്തിക വർഷം കുറഞ്ഞത് 500 റേഷൻ കടകളിലെങ്കിലും സോഷ്യൽ ആഡിറ്റ് നടത്തുവാനാണ് വകുപ്പ് ലക്ഷ്യമിടുന്നത്. ഒരു റേഷൻ കടയിൽ സോഷ്യൽ ആഡിറ്റ് നടത്തുന്നതിന് ഏകദേശം 20,000/- രൂപ നിരക്കിൽ 2024-2025 സാമ്പത്തിക വർഷം 1 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നു. കൂടാതെ റേഷൻ കടകളിലെ ഇപോസ് മെഷീനുകളുമായി ബന്ധപ്പെട്ട ചെലവുകൾക്കും ഇപോസ് മെഷീനുകളിൽ ഉപയോഗിക്കുന്ന തെർമൽ പേപ്പർ വാങ്ങുന്നതിനുള്ള ചെലവിനുമായി 9.93 കോടി രൂപ ആവശ്യമുണ്ട്. മേൽപ്പറഞ്ഞിട്ടുള്ള മൂന്ന് പദ്ധതി ഘടകങ്ങൾക്കുമായി 3456-00-001-78-34-03 ശീർഷകത്തിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ 9.36 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3456-00-001-77—പൊതുവിതരണ വകുപ്പിന്റെ അടിസ്ഥാന സൗകര്യ വികസനം

ബഡ്ജറ്റ് വിഹിതം - 50 ലക്ഷം രൂപ (പ്ലാൻ).

18) സിവിൽ സപ്ലൈസ് വകുപ്പിന്റെ കീഴിൽ പ്രവർത്തിച്ചു വരുന്ന 77 താലൂക്ക് സപ്ലൈ ആഫീസുകളുടെയും 6 സിറ്റി റേഷനിംഗ് ആഫീസുകളുടെയും അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിനുള്ള തുകയാണ് ഈ ശീർഷകത്തിൽ അനുവദിക്കുന്നത്. Hiring of Vehicles without drivers എന്ന പദ്ധതി ഘടകത്തിന് 2 കോടി രൂപയും Infrastructure for Civil Supplies Department-Paperless office/e-office Implementation of HRM software etc. in Civil Supplies department offices എന്ന പദ്ധതി ഘടകത്തിന് 30 ലക്ഷം രൂപയും ഉൾപ്പെടെ 2024-25 സാമ്പത്തിക വർഷം ഈ ശീർഷകത്തിൽ ആകെ 2.30 കോടി രൂപ ആവശ്യമുണ്ട്. എന്നാൽ 2024-25-ലെ ഡീറ്റയിൽഡ് ബഡ്ജറ്റ് എസ്റ്റിമേറ്റ് പ്രകാരം 3456-00-001-77-21-01 Purchase of Vehicles എന്ന പദ്ധതി ഘടകത്തിനായി 20 ലക്ഷം രൂപയും 3456-00-001-77-99 Information Technology എന്ന പദ്ധതി ഘടകത്തിനായി 30 ലക്ഷം രൂപയും ഉൾപ്പെടെ 3456-00-001-77 എന്ന ശീർഷകത്തിൽ 50 ലക്ഷം രൂപ മാത്രമാണ് വകയിരുത്തിയിട്ടുള്ളത്.

ടി പദ്ധതി ഘടകങ്ങൾക്ക് ബഡ്ജറ്റ് പ്രൊപ്പോസലിൽ ആവശ്യപ്പെട്ടത് പോലെ ആകെ 2.30 കോടി രൂപ ആവശ്യമാണെന്ന് കാണുന്നു. അതിനാൽ 4408-01-001-99 പൊതുവിതരണ വകുപ്പിന്റെ അടിസ്ഥാന സൗകര്യവികസനം (പ്ലാൻ) എന്ന ക്യാപ്പിറ്റൽ ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള രണ്ട് കോടി രൂപയിൽ നിന്നും 1 കോടി രൂപ ധനപുനർവിനിയോഗം വഴിയും അതിനു പുറമെ 80 ലക്ഷം രൂപ ധനപുനർവിനിയോഗം അല്ലെങ്കിൽ ഉപധനാഭ്യർത്ഥന വഴിയും അപ്രകാരം 3456-00-001-77-21-01 ശീർഷകത്തിൽ ആകെ 1.80 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4408-01-101-93—സപ്ലൈകോ ഔട്ട്ലെറ്റുകളുടെ നവീകരണം -

ബഡ്ജറ്റ് വിഹിതം - 3.85 കോടി രൂപ (പ്ലാൻ).

19) ഔട്ട്ലെറ്റ് നവീകരണത്തിനും ERP സംവിധാനം നടപ്പാക്കലിനുമായി 10 കോടി രൂപയാണ് 2024-25-ലെ ബഡ്ജറ്റ് പ്രൊപ്പോസലിൽ ആവശ്യപ്പെട്ടിരുന്നത്. 2024-25-ലെ ബഡ്ജറ്റ് എസ്റ്റിമേറ്റിൽ 6.15 കോടി രൂപ 2408-01-190-92-PV ശീർഷകത്തിലും 3.85 കോടി രൂപ 4408-01-101-93 എന്ന പുതിയ ക്യാപ്പിറ്റൽ ശീർഷകത്തിലുമാണ് വകയിരുത്തിയിട്ടുള്ളത്. റിക്കറിംഗ് സ്വഭാവത്തിലുള്ള ഘടകങ്ങൾക്കുള്ള (ERP സംവിധാനം) തുകയാണ് ഈ ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ളത്. ERP സംവിധാനം നടപ്പിലാക്കുന്നതിന്റെ അന്തിമഘട്ടത്തിലായതിനാൽ 2024-25 സാമ്പത്തികവർഷം തന്നെ പദ്ധതി പൂർത്തീകരിക്കുന്നതാണ്. പദ്ധതിക്ക് കണക്കാക്കുന്ന ചെലവ് 5.19 കോടി രൂപ ആകയാൽ സപ്ലൈകോയുടെ ERP സംവിധാനം പദ്ധതിയ്ക്കായി നിലവിലെ ബഡ്ജറ്റ് വിഹിതത്തിന് പുറമെ ഈ ശീർഷകത്തിൽ 1.34 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4408-01-101-92—ദേശീയ ഭക്ഷ്യസുരക്ഷാ നിയമം നടപ്പിലാക്കുന്നതിനുള്ള സഹായം (സംസ്ഥാന പദ്ധതി)

ബഡ്ജറ്റ് വിഹിതം - 3.37 കോടി രൂപ (പ്ലാൻ).

20)ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം നടപ്പിലാക്കുന്നതിനായി സംസ്ഥാന സർക്കാരിൽ നിന്നും ലഭിക്കുന്ന ധനസഹായം 2023-24 സാമ്പത്തിക വർഷം വരെ 3456-00-001-78-NP ശീർഷകത്തിലാണ് വകയിരുത്തിവന്നിട്ടുള്ളത്. 2024-25 വർഷത്തെ ബഡ്ജറ്റിൽ പദ്ധതിക്ക് കീഴിൽ നോൺ റിക്കറിംഗ് സ്വഭാവത്തിൽ വരുന്ന പദ്ധതി ഘടകങ്ങൾക്കുള്ള തുക ഈ പുതിയ ശീർഷകത്തിലാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. സപ്ലൈകോ നിർവ്വഹണ ഏജൻസിയായിട്ടുള്ള വെയിംഗ് മെഷീൻ, ജനറേറ്റർ, കമ്പ്യൂട്ടർ & അക്സസ്സറിസ് ഫോർ NFSA ഗോഡൗൺ, GPS based vehicle tracking system, CCTV for NFSA Godown എന്നീ പദ്ധതി ഘടകങ്ങൾക്കായി 1.78 കോടി രൂപയും സിവിൽ സപ്ലൈസ് വകുപ്പ് നിർവ്വഹണ ഏജൻസിയായിട്ടുള്ള ICT Infrastructure

and Connectivity, Software Component, Modernisation and Computerisation of Taluk and District Supply Offices including Commissionerate എന്നീ പദ്ധതി ഘടകങ്ങൾക്കായി 1.59 കോടി രൂപയും അങ്ങനെ വകുപ്പിനും സപ്ലൈക്കോയ്ക്കുമായി ആകെ 3.37 കോടി രൂപയാണ് ഈ ശീർഷകത്തിൽ അനുവദിച്ചിരിക്കുന്നത്.

എന്നാൽ വെയിങ്മെഷീൻ computers and accessories for NFSA എന്ന പദ്ധതി ഘടകത്തിന് 1.40 കോടി രൂപയും GPS based Vehicle Tracking System (VTFMS) എന്ന പദ്ധതി ഘടകത്തിന് 1.23 കോടി രൂപയും CCTV for NFSA Godowns എന്ന പദ്ധതി ഘടകത്തിന് 3.15 കോടി രൂപയും ആവശ്യമുള്ളതിനാൽ സപ്ലൈകോ നിർവ്വഹണ ഏജൻസിയായിട്ടുള്ള ടി 3 പദ്ധതി ഘടകങ്ങളുടെ നടത്തിപ്പിനായി 2024-25 സാമ്പത്തിക വർഷം ആകെ 4 കോടി രൂപ അധികമായി ആവശ്യമാണ്.

സിവിൽ സപ്ലൈസ് വകുപ്പ് നിർവ്വഹണ ഏജൻസിയായിട്ടുള്ള ICT Infrastructure and Connectivity എന്ന പദ്ധതി ഘടകത്തിന് നിലവിൽ 2024-25-ലെ ബഡ്ജറ്റിൽ വകയിരുത്തി ലഭിച്ചിട്ടുള്ളത് 81 ലക്ഷം രൂപ മാത്രമാണ്. വകുപ്പ് കാര്യാലയങ്ങളിലെ കമ്പ്യൂട്ടർ അധിഷ്ഠിത അടിസ്ഥാന സൗകര്യം ശാക്തീകരിക്കുന്നതിനും നവീകരിക്കുന്നതിനും 2024-25 വർഷത്തേയ്ക്ക് 1.50 കോടി രൂപ ആവശ്യമാണെന്നതിനാൽ ടി പദ്ധതി ഘടകത്തിന് നിലവിലെ ബഡ്ജറ്റ് വിഹിതത്തിന് പുറമെ 69 ലക്ഷം രൂപ കൂടി ആവശ്യമാണ്.

അതിനാൽ 4408-01-101-92-PV ശീർഷകത്തിന് കീഴിൽ വരുന്ന മേൽ പറഞ്ഞിട്ടുള്ള 4 പദ്ധതി ഘടകങ്ങൾക്കായി ആകെ 4.69 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4408-02-101-99—ദേശീയ ഭക്ഷ്യസുരക്ഷാ നിയമം നടപ്പിലാക്കുന്നതിനുള്ള സഹായം (സംസ്ഥാന പദ്ധതി)

ബഡ്ജറ്റ് വിഹിതം - 21.24 കോടി രൂപ (പ്ലാൻ).

21) സംസ്ഥാനത്തെ എല്ലാ താലൂക്കുകളിലും ദേശീയ ഭക്ഷ്യ ഭദ്രതാ നിയമ പ്രകാരം ശാസ്ത്രീയ രീതിയിലുള്ള ഇന്റർ മീഡിയറി ഗോഡൗണും ഓഫീസ് കെട്ടിടവും നിർമ്മിക്കുക യെന്നതാണ് പദ്ധതി വിഭാവനം ചെയ്യുന്നത്. 2024-25 സാമ്പത്തിക വർഷം സപ്ലൈകോ ചുമതലയിൽ ഗോഡൗണുകൾ നിർമ്മിക്കുന്നതിന് 10 കോടി രൂപയും സിവിൽ സപ്ലൈസ് വകുപ്പിന്റെ ചുമതലയിൽ ഗോഡൗണുകൾ നിർമ്മിക്കുന്നതിന് 11.24 കോടി രൂപയുമാണ് ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ളത്. സിവിൽ സപ്ലൈസ് വകുപ്പ് ഇരുപതിലധികം താലൂക്കുകളിൽ ഗോഡൗൺ നിർമ്മിക്കുന്നതിനുള്ള സ്ഥലം കണ്ടെത്തുകയും PWD മുഖേന എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതി ലഭ്യമാക്കി പദ്ധതി പ്രവർത്തനം നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നുണ്ട്.

സംസ്ഥാനത്തെ എല്ലാ താലൂക്കിലും എൻ.എഫ്.എസ്.എ. ഗോഡൗൺ നിർമ്മിക്കുന്നതിന്റെ ഭാഗമായി 2024-25 സാമ്പത്തിക വർഷം മൂന്ന് താലൂക്കുകളിൽ ഗോഡൗൺ നിർമ്മിക്കുവാനാണ് വകുപ്പ് ലക്ഷ്യമിടുന്നത്. ഒരു എൻ.എഫ്.എസ്.എ. ഗോഡൗൺ നിർമ്മിക്കുന്നതിന് 5 കോടി രൂപ നിരക്കിൽ 15 കോടി രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നത്. അതിനാൽ നിലവിൽ അനുവദിച്ചിട്ടുള്ള തുകയ്ക്ക് പുറമേ 3.76 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

തിരുവനന്തപുരം,
2024 മാർച്ച് 6 .

**വി.എൻ.വാസവൻ,**
*ചെയർമാൻ,*
*സബ്ജക്ട് കമ്മിറ്റി XI.*